## ഒന്നിലധികം സ്ഥാപനങ്ങളുള്ള തൊഴിലുടമ സ്ഥിരം ചുമട്ടുതൊഴിലാളികളെ ഏതെങ്കിലും ഒരിടത്തുമാത്രം രജിസ്റ്റർ ചെയ്താൽ മതി

### കേരള ഹൈക്കോടതി

W.P. (C) No. 32221/2019 Dt. 28.1.2020

കെ.കെ. ഐസക് ഏന്റ് കമ്പനി

x

ഡിസ്ട്രിക്ട് പോലീസ് ചീഫ്

സിമെന്റും കമ്പിയും വില്ക്കുന്ന കടയാണ് ഹർജിക്കാരൻ നടത്തുന്നത്. അദ്ദേഹത്തിന് പെരുമ്പാവൂരും കോതമംഗലത്തും കടയുണ്ട്. ആ രണ്ട് പ്രദേശത്തും ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി പ്രാബല്യത്തിലുണ്ട്. ഹർജിക്കാരന് സ്വന്തമായി സ്ഥിരം രജിസ്റ്റേഡ് ചുമട്ടു തൊഴിലാളികളുണ്ട്. അവരെ രജിസ്റ്റർ ചെയ്തിരിക്കുന്നത് പെരുമ്പാവൂരാണ്. അപ്രകാരമിരിക്കെ കോതമംഗലത്ത് പുതുതായി സംഭരണശാല നിർമ്മിക്കാൻ ഹർജിക്കാരൻ തീരുമാനിച്ചു. അതിന്റെ നിർമ്മാണത്തിനുവേണ്ട സാമഗ്രികൾ ഇറക്കുന്നതിന് തന്റെ സ്വന്തം ചുമട്ടു തൊഴിലാളികളെയാണ് ഹർജിക്കാരൻ നിയോഗിച്ചത്. ഇത് ആ പ്രദേശത്തെ ചുമട്ടുതൊഴിലാളി യൂണിയൻ എതിർക്കുകയും കയറ്റിറക്ക് തടസ്സപ്പെടുത്തുകയും ചെയ്തു. പെരുമ്പാവൂരിലെ രജിസ്റ്റേഡ് തൊഴിലാളികൾക്ക് കോതമംഗലത്ത് തൊഴിൽ ചെയ്യാനാവില്ലെന്നാണ് യൂണിയന്റെ നിലപാട്. തുടർന്ന് ഹർജിക്കാരൻ പോലീസ് സംരക്ഷണം തേടിയെങ്കിലും നല്കപ്പെട്ടില്ല. ഇതിനെതിരെയാണ് ഹർജിക്കാരൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചത്. പെരുമ്പാവൂരിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ആ പ്രദേശത്തുമാത്രമേ തൊഴിൽ ചെയ്യാനാവൂ എന്ന് തൊഴിലാളി യൂണിയൻ ചൂണ്ടിക്കാട്ടി. കോതമംഗലത്ത് രജിസ്ട്രേഷനില്ലാത്ത തൊഴിലാളികൾക്ക് അവിടെ ജോലി ചെയ്യാനാവില്ലെന്നും അവിടെ രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ അത് സാധ്യമാകൂ എന്നും അവിടെ രജിസ്ട്രേഷനുള്ള തങ്ങൾക്കവകാശപ്പെട്ടതാണ് ആ ജോലിയെന്നും ചുമട്ടുതൊഴിലാളി യൂണിയൻ വാദിച്ചു. രജിസ്റ്റർ ചെയ്ത തൊഴിലാളിയും തൊഴിലുടമയുമാണ് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെന്നും തൊഴിലാളിയും സ്ഥലവും തമ്മിൽ ബന്ധമൊന്നുമില്ലെന്നും ഹർജിക്കാരൻ വാദിച്ചു. ഒരു തൊഴിലുടമയുടെ കീഴിലുള്ള രജിസ്റ്റേഡ് തൊഴിലാളികൾക്ക് ആ തൊഴിലുടമയുടെ ഏത് സ്ഥലത്തുമുള്ള തൊഴിലിടത്തിലും ജോലി ചെയ്യാൻ അനുവാദമുണ്ടെന്ന് ഹൈക്കോടതി വിലയിരുത്തി. തൊഴിലുടമയ്ക്ക് ഒന്നിലധികം സ്ഥാപനങ്ങളോ ശാഖകളോ ഉണ്ടെങ്കിലും ഏതെങ്കിലും ഒരിടത്തു മാത്രം തൊഴിലാളികളെ രജിസ്റ്റർ ചെയ്താൽ മതിയെന്നും അവർക്ക് ആ തൊഴിലുടമയുടെ കീഴിൽ അയാളുടെ മറ്റു സ്ഥാപനങ്ങളിലും ശാഖകളിലും ജോലി ചെയ്യാൻ അവകാശമുണ്ടെന്നും വിലയിരുത്തിയ ഹൈക്കോടതി തൊഴിലുടമയ്ക്ക് ആവശ്യമായ സംരക്ഷണം നല്കണമെന്ന് പോലീസിന് നിർദ്ദേശം നല്കുകയും തൊഴിലുടമയുടെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.